മാർച്ച് 15, 16, 17

# സംസ്ഥാന സമ്മേളനം
# മന്ദിരോദ്ഘാടനം

No. 130

January 1996

# Kerala Private
# COLLEGE TEACHER

*ഒരു അനന്തമായ പാരമ്പര്യം. ഒരു ഇതിഹാസം.*

# കോട്ടക്കൽ ആര്യവൈദ്യശാല

(Ayurveda, The Authentic Way)

ദിവംഗതനായ വൈദ്യരത്നം പി. എസ്. വാരിയരുടെ ദീർഘദർശനവും
മാർഗ്ഗദർശിത്വവുമാണ് ഈ സ്ഥാപനത്തെ
ഇന്നത്തെ നിലയിലേയ്ക്ക് ഉയർത്തിയത്.

★ ഇവിടെ മാറാരോഗികൾക്ക് ആശ്വാസം നൽകുന്ന ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു.

★ നവീന സൗകര്യങ്ങളോടുകൂടിയ ഇവിടത്തെ നഴ്സിംഗ് ഹോമിൽ വസ്തി, നസ്യം മുതലായ പഞ്ചകർമ്മങ്ങളും, ധാര, പിഴിച്ചിൽ, നവരക്കിഴി മുതലായ മററു സ്നേഹ, സ്വേദ കർമ്മങ്ങളും നിർവ്വഹിച്ചു കൊടുക്കുന്നു.

★ അവശർക്ക് ആശ്വാസകേന്ദ്രമായ ധർമ്മാശുപത്രി നടത്തുന്നു.

★ ആയുർവ്വേദ കോളേജിന്റെ നടത്തിപ്പിന്ന് ധനസഹായം നൽകി ആയുർവ്വേദ വിദ്യാഭ്യാസത്തിന് പ്രചോദനം നൽകുന്നു.

★ ആയുർവ്വേദത്തിന്റെ വളർച്ചക്കായി ആയുർവ്വേദ സെമിനാറുകളും, പ്രബന്ധമൽസരങ്ങളും നടത്തുകയും ആയുർവ്വേദ പുസ്തകങ്ങളും "ആര്യവൈദ്യൻ" (ഇംഗ്ലീഷ്) ത്രൈമാസികയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

★ കഥകളിയുടെ പരിപോഷണത്തിന്നായി പി. എസ്. വി. നാട്യസംഘം നടത്തുന്നു.

വൈദ്യരത്നം പി. എസ്. വാരിയരുടെ

## ആര്യവൈദ്യശാല

കോട്ടയ്ക്കൽ–676 503

(സ്ഥാപിതം : 1902)

Phone: H. O. 2216, 2219, 2561, 2564, 2571, 2572 (EPABX, TDBX 200 Lines)
Fax : 04934-2210

ശാഖകൾ : കോഴിക്കോട്, പാലക്കാട്, തിരൂർ, എറണാകുളം, ആലുവ
തിരുവനന്തപുരം, മദിരാശി, കണ്ണൂർ, കോയമ്പത്തൂർ,
ന്യൂഡൽഹി–49

കൂടാതെ 700–ൽ പരം ഏജൻസികളും.

# വിദ്യാഭ്യാസനയം സർക്കാർ കൂടുതൽ ഒറ്റപ്പെടുന്നു

കേരള പ്രൈവറ്റ് കോളേജ് ടീച്ചർ

ലക്കം : 130

ജനുവരി 1996

എഡിറ്റർ :

വി. എൻ. മുരളി

മാനേജിംഗ് എഡിറ്റർ :

എ. പ്രതാപചന്ദ്രൻനായർ

അംഗങ്ങൾ :

എസ്. വിശ്വനാഥൻ,

കെ. പി. ദിവാകരൻനായർ

എം. സലിം,

ജോയ് ജോബ് കുളവേലി

ടി. എൻ. മനോഹരൻ

വി. രാജേന്ദ്രൻനായർ

ജോണി കെ. ജോൺ

കെ. സി. കുട്ടപ്പൻനായർ

ജി. എസ്. സുരേഷ്

കെ. രാജേന്ദ്രബാബു

ജെ. ചന്ദ്ര

എകെപിസിടിഎ ഉൾപ്പെടെയുള്ള സംഘടനകൾ നടത്തിയ വിദ്യാഭ്യാസ സമരം ഉയർത്തിയ പ്രശ്നങ്ങൾ കേരളത്തിലിന്ന് സജീവമായി ചർച്ച ചെയ്യപ്പെടുകയാണ്. വിദ്യാഭ്യാസം പണമുള്ളവർക്കു മാത്രമായി ചുരുങ്ങി വരുന്നതിനെതിരെ കേരളീയ മനഃസാക്ഷിയെ ഉണർത്താൻ ആ സമരത്തിനു കഴിഞ്ഞു. വിദ്യാഭ്യാസരംഗത്തു നടക്കുന്ന കച്ചവടവൽക്കരണം ഭാവി കേരളത്തിന്റെ നാമ്പ് നുള്ളുകയാണെന്നുള്ള തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. ഈ തിരിച്ചറിവുതന്നെ സമരത്തിന്റെ വലിയൊരു നേട്ടമാണ്.

കേരള സർക്കാരിന്റെ വിദ്യാഭ്യാസനയത്തെപ്പറ്റി ജനങ്ങൾ വിധി എഴുതട്ടെ എന്നു പറഞ്ഞ് പാറപോലെ ഉറച്ചിരുന്ന മുഖ്യമന്ത്രിക്കുതന്നെ ചില തീരുമാനങ്ങളെടുത്തു പ്രഖ്യാപിക്കേണ്ട അവസ്ഥ സമരമുണ്ടാക്കി. സർക്കാരിന്റെ ഭൂമിയും പണവും കൊണ്ട് മെഡിക്കൽ കോളേജുണ്ടാക്കിയശേഷം അത് സ്വകാര്യ സ്വത്താക്കി മാറ്റിയതിനെപ്പറ്റി ചീഫ് സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കുമെന്ന് മുഖ്യമന്ത്രിക്ക് പറയേണ്ടിവന്നത് സമരം കൊണ്ടു മാത്രമാണല്ലോ. ചീഫ് സെക്രട്ടറി റിപ്പോർട്ട് കൊടുത്തപ്പോഴാകട്ടെ അത് പൂഴ്ത്തിവയ്ക്കാനായി ശ്രമം. ഇപ്പോൾ സർക്കാർ പൂർണ്ണമായി തോറ്റിരിക്കയാണ്. റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടിവന്നുവെന്നു മാത്രമല്ല അതിലെ നിർദേശങ്ങളെല്ലാം നടപ്പിലാക്കുമെന്ന് പരസ്യമായി പ്രഖ്യാപിക്കേണ്ടിയും വന്നു. സമര വിരോധികളും കുത്തകപ്പത്രങ്ങളും ആലോചിക്കേണ്ട പ്രധാന വസ്തുത ഇവിടെ ഉണ്ട്. സമരമില്ലായിരുന്നെങ്കിൽ ഈ മാറ്റങ്ങൾ എന്തെങ്കിലും ഉണ്ടാകുമായിരുന്നോ ?

ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് അംഗീകരിക്കപ്പെടുന്നതിലൂടെ, സർക്കാർ നിയന്ത്രണത്തിനു വിധേയമായേ പരിയാരം മെഡിക്കൽ കോളേജിന് പ്രവർത്തിക്കാനാകൂ എന്ന് വ്യക്തമാവുകയാണ്. വിദ്യാർഥി പ്രവേശനത്തിലും അധ്യാപക— അധ്യാപകേതര നിയമനത്തിലും ഫലപ്രദമായ സർക്കാർനിയന്ത്രണം ഉണ്ടാകും. ഏതെങ്കിലും കാലത്ത് ഇന്നു കോളേജ് നടത്തുന്ന സൊസൈറ്റിക്ക് അതുമായി ബന്ധമില്ലെന്നു വന്നാൽ ഗവൺമെന്റ് ഭൂമിയും കെട്ടിടവും സർക്കാർ തിരിച്ചെടുക്കണം.

# എകെപിസിടിഎ മന്ദിരം
## മാർച്ച് 15–ന് ഉദ്ഘാടനം

പ്രൈവററ് കോളേജധ്യാപകരുടെ ഒരു സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയാണ്. സംഘടനയ്ക്കു വേണ്ടി നിർമ്മിച്ച അതിമനോഹരമായ ഇരുനിലമന്ദിരം വരുന്ന മാർച്ച് 15–ന് ഉദ്ഘാടനം ചെയ്യും. അതോടെ വാടകകെട്ടിടത്തിലെ പരിമിതമായ സൗകര്യങ്ങളിൽനിന്നും വിശാലമായ ഓഫീസ് സൗകര്യങ്ങളിലേയ്ക്ക് സംഘടന മാറുകയാണ്.

പ്രൈവററ് കോളേജധ്യാപക രംഗത്ത് സംഘടനകൾ പലതുണ്ടെങ്കിലും ഓഫീസുള്ളത് എകെപിസിടിഎ യ്ക്കു മാത്രമാണ്. സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓഫീസ് ഏറെ സഹായകമാകുന്നുണ്ട്. അധ്യാപകർക്ക് ബന്ധപ്പെടാനും പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള അവസരം സ്വന്തം കെട്ടിടത്തിലേയ്ക്ക് സംഘടന മാറുന്നതോടെ വർധിക്കും.

പ്രസിദ്ധ ആർക്കിടെക്ററ് ശങ്കറാണ് കെട്ടിടം രൂപകൽപന ചെയ്തിരിക്കുന്നത്.

---

സൊസൈററി ഭരണസമിതിയിൽ ഒരു ഗവൺമെൻറ് പ്രതിനിധിഉണ്ടായിരിക്കണം. കോളേജ് നടത്തുന്ന അക്കാദമിയുടെ ഡയറക്ടർ ഐ. എ. എസ്. കാരനായിരിക്കണം. സൊസൈററി എടുക്കുന്ന കടങ്ങൾക്ക് സർക്കാർ ഉറപ്പു നൽകും മുമ്പ് അതിൻെറ സാമ്പത്തികശേഷി ഗവൺമെൻറ് വിലയിരുത്തണം. എൻ. ആർ. ഐ. വിദ്യാർത്ഥി പ്രവേശനം തികച്ചും മെറിററടിസ്ഥാനത്തിലായിരിക്കും. പ്രത്യേക കമ്മിററികളായിരിക്കും മെഡിക്കൽ—പാരാമെഡിക്കൽ അധ്യാപക ജീവനക്കാരുടെ നിയമനങ്ങൾ നടത്തുക. നിയമിക്കപ്പെടുന്നവരുടെ യോഗ്യത മെഡിക്കൽ കൗൺസിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും അംഗീകരിച്ചതാകും. ജീവനക്കാരുടെ എണ്ണം മെഡിക്കൽ കൗൺസിൽ തീരുമാനിക്കുന്ന പരിധിക്കകത്തു തന്നെ ആയിരിക്കും. ഇത്രയും അംഗീകരിക്കപ്പെടുന്നത് കേരളത്തിലെ കച്ചവടവിദ്യാഭ്യാസത്തിനേൽക്കുന്ന കനത്ത അടിയാണ്.

അൺ എയ്ഡഡ്—സ്വാശ്രയ സ്ഥാപനങ്ങൾ വ്യാപകമായി അനുവദിക്കുന്ന സർക്കാർ നയം വലിയൊരു പ്രതിസന്ധി തന്നെ കേരളത്തിൽ സൃഷ്ടിച്ചിരിക്കയാണ്. ഇന്നു നിലവിലുള്ള കോളേജുകളിൽ സൗകര്യങ്ങൾ ധാരാളമുണ്ട്. അവിടെ പുതിയ കോഴ്സുകൾ ആരംഭിക്കാം; ഉള്ളവ പുനഃസംഘടിപ്പിക്കാം. എന്നാൽ അതൊന്നും ചെയ്യാൻ സർക്കാർ തയ്യാറല്ല. അതിനുപകരം ഈ കോളേജുകൾക്ക് തൊട്ടടുത്തുതന്നെ അൺഎയ്ഡഡ്—സ്വാശ്രയ സ്ഥാപനങ്ങൾ ധാരാളമായി ആരംഭിക്കുകയാണ്. ഭീമമായ ഫീസ്ചുമത്തിയാണെങ്കിലുംപുതിയ കോഴ്സ് എന്ന ആകർഷണവലയം സൃഷ്ടിച്ച് വിദ്യാർത്ഥികളെ അൺ എയ്ഡഡ്—സ്വാശ്രയസ്ഥാപനങ്ങളിലേക്ക് ആകർഷിക്കുകയാണ്. ഇതുമൂലം നിലവിലുള്ള പല കോളേജുകളിലും വിദ്യാർത്ഥികൾ കുറയുന്നു: അധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്നു. സ്കൂളുകളിൽ മുമ്പുണ്ടായ 'പ്രൊട്ടക്ററഡ്' അധ്യാപകരുടെ അവസ്ഥ കോളേജിലുംസൃഷ്ടിക്കാനാണ് ശ്രമം.

ഈ നയം ചെറുത്തുതോൽപിക്കേണ്ടതാണ്. യാതൊരു പ്ളാനിംഗുമില്ലാത്ത മേഖലയായി വിദ്യാഭ്യാസം അധപ്പതിക്കാൻപാടില്ല. മെറിററിൻെറ അടിസ്ഥാനത്തിൽഎല്ലാവർക്കും പ്രാപ്യമായ ഒന്നായിരിക്കണം വിദ്യാഭ്യാസം. അവിടെ പണാധിപത്യത്തിന് സ്ഥാനമില്ല. ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്ന ചുമതലയിൽനിന്നും ഗവൺമെൻറ് ഒഴിഞ്ഞുമാറാനും പാടില്ല. ലോകത്തൊരിടത്തും അങ്ങനെ ഗവൺമെൻറുകൾ വിദ്യാഭ്യാസ രംഗത്തു നിന്നും ഒഴിഞ്ഞു നിൽക്കുന്നില്ല. പണമുള്ളവർക്ക് ഒരു വിദ്യാഭ്യാസവും അതില്ലാത്തവർക്ക് മറെറാന്നും എന്ന ഇന്നത്തെ സർക്കാർ നയം ആപത്തു നിറഞ്ഞതാണ്. ഈ നയം തിരുത്തിയെടുക്കാൻ നിരന്തരമായ സമരങ്ങളിലൂടെ മാത്രമേ സാധ്യമാകൂ. □

# 38-ാം സംസ്ഥാന സമ്മേളനം
# സ്വാഗതസംഘം രൂപീകരിച്ചു

എ. കെ. പി. സി. ടി. എ 38-ാം സംസ്ഥാന സമ്മേളനം 1996 മാർച്ച് 15, 16, 17 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുകയാണ്. സംഘടനയ്ക്ക് വേണ്ടി നിർമ്മിച്ച ഇരുനില മന്ദിരത്തിന്റെ ഉദ്ഘാടനവും സമ്മേളനത്തോടനുബന്ധിച്ച് നടക്കുന്നുണ്ട്. ഈ പരിപാടികൾ വിജയിപ്പിക്കുന്നതിനായി വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. ജനുവരി 25 ന് സംസ്കൃത കോളേജിൽ ചേർന്ന സ്വാഗതസംഘ രൂപീകരണ യോഗത്തിൽ കെ. എസ് ടി. എ. ജനറൽ സെക്രട്ടറി കെ ബാലകൃഷ്ണൻ നമ്പ്യാർ അദ്ധ്യക്ഷത വഹിച്ചു.

## മേയർ വി. ശിവൻകുട്ടി രക്ഷാധികാരി
## എം. വിജയകുമാർ എം.എൽ.എ. ചെയർമാൻ

251 പേരുള്ളതാണ് സ്വാഗതസംഘം. രക്ഷാധികാരി മേയർ വി. ശിവൻകുട്ടിയാണ്. എം.വിജയകുമാർ എം.എൽ. എ യാണ് ചെയർമാൻ. പ്രൊഫ. എൽ.ജി.വർഗീസ് ജനറൽ കൺവീനർ. ഫൈനാൻസ് കമ്മിററി കൺവീനർ തിരുവനന്തപുരം ജില്ലാസെക്രട്ടറി എം. ദിവാകരൻനായരാണ്.

വർഗ-ബഹുജന സംഘടനകളുടെ പ്രമുഖനേതാക്കൾ പങ്കെടുത്ത സ്വാഗതസംഘ രൂപീകരണയോഗത്തിൽ എ. കെ. പി. സി. ടി. എ. പ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥൻ സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി പ്രൊഫ. കെ.പി. ദിവാകരൻനായർ സമ്മേളനത്തിന്റെ പരിപാടികളെപ്പററി വിശദീകരിച്ചു. സെക്രട്ടറി പ്രൊഫ. ആർ. മോഹനകുമാർ നന്ദിപറഞ്ഞു.

---

# പ്രൊഫ. നാരായണൻകുട്ടി വിജയിച്ചു

കാലിക്കട്ട് സർവ്വകലാശാലാ സെനററിലേക്ക് രജിസ്ട്രേഡ് ഗ്രാജ്വേററ് മണ്ഡല ത്തിൽ നിന്നും മൽസരിച്ച പ്രൊഫ. വി. നാരായണൻകുട്ടി വിജയിച്ചു. എകെപിസി ടിഎ പിൻതുണയോടെയാണ് അദ്ദേഹം മൽസരിച്ചത്. ഇതോടെ മൂന്നു സർവ്വകലാ ശാലകളിലും എകെപിസിടിഎ പിൻതുണ നൽകിയ സ്ഥാനാർഥികൾ വിജയം കണ്ടു. അധ്യാപക മണ്ഡലത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഈ മൂന്നു സർവ്വകലാശാലകളിലും എകെപിസിടിഎ ക്കു് മുൻകാലത്തെക്കാൾ സീററു വർദ്ധിച്ചു. (കേരളയിൽ 10, കാലിക്കട്ട് 8, മഹാത്മാഗാന്ധി 8)

---

# സുരേന്ദ്രൻ നായർക്ക് ഡോക്ടറേററ്



തുമ്പ സെൻറ് സേവിയേഴ്സ് കോളേജ് ഹിന്ദി അദ്ധ്യാപകൻ എസ്. സുരേന്ദ്രൻനായർക്ക് കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. ഡോ. വി. പി. എം. മേത്തറുടെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.

സുരേന്ദ്രൻനായർക്ക് എ കെ പി സി ടി എ യുടെ അഭിനന്ദനങ്ങൾ.

# അനുമോദനം

നിലമേൽ എൻ. എസ്. എസ്. കോളേജ് എകെപിസിടിഎ ബ്രാഞ്ച്, സിൻഡിക്കേററ്—സെനററ് വിജയികൾക്കും, പഞ്ചായത്തു പ്രസിഡൻറായി മൂന്നാം തവണയും തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. ശിവദാസൻപിള്ളക്കും, ഡോക്ടറേററ് നേടിയ ഹിസ്ററി അധ്യാപിക നിർമ്മലക്കും സ്വീകരണം നൽകി. യോഗത്തിൽ ബ്രാഞ്ചു പ്രസിഡൻറ് പ്രൊഫ. പ്രസന്നൻ അധ്യക്ഷനായിരുന്നു.

എകെപിസിടിഎ ജനറൽ സെക്രട്ടറി കെ. പി. ദിവാകരൻ നായർ, കെ. സദാശിവൻ നായർ, കോ-ഓർഡിനേഷൻ സെക്രട്ടറി എ. പ്രതാപചന്ദ്രൻ നായർ, എം. ജി. ഗോപാലകൃഷ്ണൻ നായർ, വി. എൻ. മുരളി, വാസുദേവൻ പിള്ള, മുരളീധരൻ, ജനാർദ്ദനൻ പിള്ള, ഭാസിരാജ് എന്നിവർ സംസാരിച്ചു. അനുമോദനങ്ങൾക്ക് മറുപടി പറഞ്ഞു കൊണ്ട് സിൻഡിക്കേററംഗം ടി. എൻ. രാമൻപിള്ള സെനററംഗങ്ങളായ ടി. കെ. ജി. നായർ, കെ. വിജയശങ്കർ, ജി. പ്രകാശ്, പി. നരേന്ദ്രൻ എന്നിവരും പഞ്ചായത്ത് പ്രസിഡൻറ് ശിവദാസൻ പിള്ളയും ഡോ. നിർമ്മലയും സംസാരിച്ചു.

ബ്രാഞ്ചു സെക്രട്ടറി ശ്രീകുമാർ സ്വാഗതവും പത്മകുമാർ നന്ദിയും പറഞ്ഞു.

# എം. ജി. കോളേജിൽ അനുമോദന യോഗം

കേരള യൂണിവേഴ്സിററി സിൻഡിക്കേററിലേക്കു തെരഞ്ഞെടുക്കപ്പെട്ട എ. കെ. പി. സി. ടി. എ. പ്രതിനിധി പ്രൊഫ. ടി. എൻ. രാമൻ പിള്ള, സെനററിലേക്കു വിജയിച്ച ഡോ. രവീന്ദ്രൻ, പ്രൊഫ. പി. നരേന്ദ്രൻ, അക്കാദമിക് കൗൺസിലേക്കു തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. എം. ആർ. സുരേന്ദ്രൻ, തിരുവനന്തപുരം കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ വിജയിച്ച പ്രൊഫ. ചന്ദ്ര എന്നിവരെ എം. ജി. കോളേജ് എ. കെ. പ. സി. ടി. എ. ബ്രാഞ്ച് അനുമോദിച്ചു. ഡോക്ടറേററ് നേടിയ ഡോ. ബി. വിജയചന്ദ്രൻ, ഡോ. വി. ഹരികുമാർ എന്നിവരേയും കോളേജിൽ ചേർന്ന യോഗം അനുമോദിച്ചു.

എകെപിസിടിഎ പ്രസിഡൻറ് പ്രൊഫ. എസ്. വിശ്വനാഥൻ, ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻ നായർ, ജില്ലാ പ്രസിഡൻറ് പ്രൊഫ. എസ്. ശിവൻ ജില്ലാസെക്രട്ടറി പ്രൊഫ. എം. ദിവാകരൻ നായർ എന്നിവർ പ്രസംഗിച്ചു. പ്രൊഫ. പി. ഗോപിനാഥൻ നായരുടെ അധ്യക്ഷതയിൽചേർന്ന യോഗത്തിൽ പ്രൊഫ. കെ.സുകുമാരൻ നായർ സ്വാഗതവും ബ്രാഞ്ചു സെക്രട്ടറി ശ്രീ. സുരേഷ് നന്ദിയും പറഞ്ഞു.

## ഹരിശ്ചന്ദ്രൻ ഫണ്ട്

**യോഗത്തിൽവച്ച് ഹരിശ്ചന്ദ്രൻ ഫണ്ടിലേക്ക് എം. ജി. കോളേജ് ബ്രാഞ്ചിൻെറ വകയായി പതിനായിരം രൂപ ട്രഷറർ അയ്യപ്പൻനായർ ജനറൽ സെക്രട്ടറിയെ ഏൽപിച്ചു.**

## ABSTRACT OF Ph. D. THESIS

# Title: Housing Boom in Kerala — Causes and Consequences

Dr. G. GOPIKUTTAN
Dept. of Economics
N. S. S. College, Nilamel

Guide : Dr. P. R. GOPINATHAN NAIR
Hon. Fellow
C. D. S. TVM.

The focus of the study is on the causes, magnitudes and consequences of the sudden upturn of the trend in the house construction activities in Kerala economy observed during late seventies and early eighties. The following questions are examined in detail.

(i) genesis of the housing activities in Kerala and the socio-economic factors which underlay them;

(ii) magnitude and dimensions of the housing activity;

(iii) impact of the housing sector investment on the rest of the society and

(iv) linkage effects.

A brief discussion of the importance of house construction activities in modern societies, a review of the literature on economics of housing and the formulation of the approach to be followed in the present enquiry are presented in the first two chapters of the dissertation. The determinants, magnitudes and the dimensions as well as the consequences of the recent housing boom in Kerala are analysed in the ensuing chapters. A multi-disciplinary approach is adopted for the discussion; guidelines have been drawn from social history and political economy. To supplement the sources of Secondary data, information has been collected through a limited household survey conducted in one of the taluks of the state.

The study brings to light the process by which the housing interests of the weaker sections used to remain uncared for and even hindered till the early decades of the twentieth century. A set of factors—spread of education, emergence and growth of radical socio-political movements, migration of population from rural areas to cities in the rest of India and abroad together with a few institutional reforms and policies of the government tilted the social balance in favour of the weaker section of the society and exerted a decisive influence on the housing sector activities in the state. The massive emigration of workers from Kerala to the Arab countries from 1973 on and the inflow of large amounts of foreign remittances in consequence was a highly favourable factor which accelerated the growth rate of housing sector activities. In addition, further stimulus came also from incomes which accrued to cultivators of commercial crops and speculators in real estate business.

## ആർ.ആർ.സി.അനുസ്മരണപ്രഭാഷണം

# വികസനത്തിന്റെ മുന്നോടി സാർവത്രിക വിദ്യാഭ്യാസം

സാർവത്രിക വിദ്യാഭ്യാസത്തിൽ പുരോഗതി പ്രാപിക്കാത്ത ഒരു രാജ്യത്തിന് വികസനം സാക്ഷാത്കരിക്കാനാവില്ലെന്ന് ശ്രീ ഐ എം. വേലായുധൻ മാസ്റ്റർ പറഞ്ഞു. തൃശ്ശൂർ കേരളവർമ്മ കോളേജ് എകെപിസിടിഎ ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. ആർ. ആർ. സി. അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 'വിദ്യാഭ്യാസവും വികസനവും' എന്നതായിരുന്നു പ്രഭാഷണ വിഷയം. സാമ്പത്തിക മൂലധനവും സാങ്കേതിക വിദ്യയും മാത്രം കൊണ്ട് രാജ്യം വികസിക്കുകയില്ല. ജനതയുടെ വിദ്യാഭ്യാസ പാരമ്പര്യവും പ്രബുദ്ധമനോഭാവവും ചേരുമ്പോഴേ ജീവിതത്തിന്റെ മേന്മ വർദ്ധിക്കുകയുള്ളൂ. സാർവത്രിക വിദ്യാഭ്യാസത്തിനും സാക്ഷരതക്കും വേണ്ടിയുള്ള വിദ്യാഭ്യാസ പരിവർത്തനത്തിന്റെ ഒരു മഹാപ്രസ്ഥാനം ആരംഭിക്കേണ്ട സമയമായിരിക്കുന്നുവെന്നും അത്തരമൊരു പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ അധ്യാപകരായിരിക്കണമെന്നും വേലായുധൻ മാസ്റ്റർ ഓർമ്മിപ്പിച്ചു.

യോഗത്തിൽ ബ്രാഞ്ച് പ്രസിഡന്റ് പ്രൊഫ. കുട്ടികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എകെപിസിടിഎ യുടെ വളർച്ചക്ക് ആർ ആർ. സി. നൽകിയ മഹത്തായ നേതൃത്വത്തെ അനുസ്മരിച്ച് സിൻഡിക്കേറ്റംഗം പ്രൊഫ. കാളിയത്ത് ദാമോദരൻ സംസാരിച്ചു പ്രൊഫ. ഇ. രാജൻ സ്വാഗതവും പ്രൊഫ. രവീന്ദ്രനാഥൻ നന്ദിയും പറഞ്ഞു

The analysis of the survey data shows that during the housing boom which began in the mid-1970s, as households moved upwards along the economic ladder the owner demand for housing also tended to rise. While those at the highest rings of the ladder assigned more Importance to status, prestige and hence to the luxury elements of housing, those at the bottom struggled for securing even the basic essentials of dwelling.

Sustained increase in the demand for housing pushed prices of factors of production and construction materials in a situation in which their domestic supply was relatively inelastic. On the labour front, falling supply of skilled labour due to exodus to Arab countries and soaring wage rates led to the inflow of construction workers from neighbouring states. Into the place of traditional locally available materials, factory produced modern type materials began to come into use. The linkage effects of the growing demand for factory-made materials have almost entirely leaked into other states. The change in the pattern of material use and the building process itself led to the emergence and the growth of an agency specialised in the profession namely the contracting system. The building workers, divorced from their traditional and inde-

# അദ്ധ്യാത്മരാമായണവും അദ്ധ്യാത്മരാമായണം കിളിപ്പാട്ടും — വിവർത്തനത്തിൽ ഒരു പഠനമാതൃക

ഡോ. എസ്. മുരളീധരൻനായർ
മലയാളം വിഭാഗം
എൻ. എസ്. എസ്. കോളേജ്, നിലമേൽ

ഗൈഡ്:
ഡോ. എൻ. ആർ. ഗോപിനാഥപിള്ള
കേരള സർവ്വകലാശാല

**കേ**രളീയരുടെ ജീവിതവീക്ഷണത്തെയും വ്യക്തിബന്ധ ധാരണകളെയും സംസ്കാരത്തെയും എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടുപോലെ സ്വാധീനിച്ച മറ്റൊരു മഹാഗ്രന്ഥവുമില്ല. മലയാളികളിൽ നല്ലൊരു വിഭാഗം ഇന്നും ഈ കൃതിയുടെ പാരായണം മതാനുഷ്ഠാനം പോലെ പവിത്രമായി കരുതുന്നു. വാല്മീകിയുടേതല്ല, എഴുത്തച്ഛന്റേതാണ് മലയാളികൾക്ക് രാമായണം. കിളിപ്പാട്ടുകാരന്റെ വൈഖരിയിലൂടെ പരിചയപ്പെട്ട ആ കഥാപാത്രങ്ങൾ മലയാളികളുടെ മനസ്സിൽ ഇപ്പോഴും നിറം മങ്ങാതെ, വേഷം പകരാതെ നൂറ്റാണ്ടുകൾക്കു ശേഷവും നിലകൊള്ളുന്നു. തലമുറകളായി ജനഹൃദയങ്ങളിൽ ഒരു ഗ്രന്ഥത്തിന് ഇത്രയ്ക്ക് ആഴത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിയുന്നു എന്നുള്ളത് ഗ്രന്ഥത്തിന്റെയും ഗ്രന്ഥകാരന്റെയും അസാധാരണ വ്യക്തിത്വത്തിന്റെ സാക്ഷിപത്രമാണല്ലോ. മലയാളഭാഷയുടെ തപഃഫലമാണ് എഴുത്തച്ഛൻ കവിത. ആചാര്യപദവിയിൽ പ്രതിഷ്ഠിതനായ ആദ്യത്തെ മലയാള മഹാകവിയും എഴുത്തച്ഛൻ തന്നെ. ആചാര്യത്വവും ഋഷിത്വവും അസാധാരണമായ ഒരു രാസയോഗത്തിൽ ഈ കവിപ്രതിഭയിൽ സമാകലിതമായിരിക്കുന്നു. എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ കഴിഞ്ഞ നാലു നൂറ്റാണ്ടുകളായി മലയാള കവിതയിൽ സാന്ദ്രവും സമഗ്രവുമായ പ്രഭാവം ചെലുത്തി നിലകൊള്ളുന്നു. മഹാഭാരത സംഗ്രഹവും അദ്ധ്യാത്മ രാമായണ പരിഭാഷയുമാണ് അസൂയാർഹമായ ഈ ചിരപ്രതിഷ്ഠയുടെ അവഷ്ടംഭം. മലയാളിയെ സംബന്ധിച്ചിടത്തോളം എക്കാലത്തെയും ഒരത്ഭുതമായിരിക്കും എഴുത്തച്ഛൻ കവിത. സാമാന്യമായ അർത്ഥത്തിൽ മൗലികമായ ഒരു കൃതിയും രചിക്കാതെ എഴു

---

pendent functions began to unionise themselves in defense of their economic interests.

Housing boom in Kerala has already passed its peak levels. It failed, by and large, to provide the growth stimulus expected of it to the rest of the domestic production sectors since its linkage effects leaked out to the neighbouring states. Thus the housing boom in Kerala failed to provide growth stimulus to the rest of the domestic sectors and to satisfy the shelter needs of the poorer group in society. The lack of an effective public policy to manage and monitor the capital flows into the housing sector activities and to foster the Industrial growth necessary for catering to their requirements from within the state itself contributed in no small measure to this result. □

ത്തച്ഛൻ എങ്ങനെ മലയാളത്തിലെ ഏറ്റവും പ്രതിഭാധനനായ കവിയായി എന്ന അന്വേഷണം അദ്ദേഹത്തിന്റെ കവിതയുടെ യഥാർത്ഥ മൂല്യനിർണ്ണയത്തിന് അനിവാര്യമാണല്ലോ. അതാണ് ഈ പ്രബന്ധത്തിന്റെ പ്രസക്തി.

എഴുത്തച്ഛൻകൃതികൾ വിലയിരുത്താൻ പല മാർഗ്ഗങ്ങൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ആ കവിസത്തയിലേക്ക് കടന്നുചെല്ലാൻ ഒരളവോളം സഹായകങ്ങളുമാണ് അവ. എന്നാൽ എഴുത്തച്ഛൻകവിതയുടെ പ്രാതിസ്വികത മനസ്സിലാക്കാൻ ഏറ്റവും സാർത്ഥകവും പ്രയോജനകരവുമായ ഒരു മാർഗ്ഗം മൂലകൃതികൾ ആ കവിപ്രതിഭയിൽ എങ്ങനെ രൂപം മാറുന്നു എന്ന പരിശോധനതന്നെ. എഴുത്തച്ഛന്റെ പ്രകൃഷ്ടകൃതികളിൽ ഒന്നായ അദ്ധ്യാത്മരാമായണത്തെ സംബന്ധിച്ചിടത്തോളം ഒരു പക്ഷേ ഇതായിരിക്കും ഏറ്റവും സഫലമായ അന്വേഷണപഥം. അത്തരം ഒരു പഠനം ഇനിയും ആവശ്യമാണ്. വിവർത്തനം എന്ന നിലയിൽ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തെ മൂലകൃതിയുമായി താരതമ്യപ്പെടുത്തി സനിഷ്കർഷം പഠിക്കുകയും ആ പഠനത്തിൽകൂടി എഴുത്തച്ഛന്റെ സർഗ്ഗപ്രതിഭ അനാവൃതമാക്കുകയും ചെയ്യുകയാണ് ഈ പ്രബന്ധത്തിന്റെ മുഖ്യ ഉദ്ദേശ്യം.

അദ്ധ്യാത്മരാമായണവും അദ്ധ്യാത്മരാമായണം കിളിപ്പാട്ടും വിവർത്തനത്തിൽ ഒരു പഠനമാതൃക എന്ന ശീർഷകത്തിലെ പഠനമാതൃക എന്ന പ്രയോഗം ഒരു വിശദീകരണം ആവശ്യപ്പെടുന്നുണ്ട്. കേസ് സ്റ്റഡി (Case study) എന്ന ഇംഗ്ലീഷ് പ്രയോഗത്തിന്റെ അർത്ഥമാണ് വിവക്ഷിതം. വ്യക്തിഘടകങ്ങളുടെ (Individual Units) അപഗ്രഥനത്തിനും വിശദീകരണത്തിനും വേണ്ടി പ്രസക്തമായ എല്ലാ വസ്തുതകളുടെയും സമാഹരണവും സംഘാടനവും ഇത് ഉൾക്കൊള്ളുന്നുണ്ട്. വിവർത്തനകലയുടെ പ്രാതിസ്വികത വ്യക്തമാക്കാൻ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഉപാദാനമാക്കുന്നതുകൊണ്ടാണ് പഠനമാതൃക എന്ന പ്രയോഗം. ദൃഷ്ടാന്തപഠനം, പ്രതിവസ്തുപഠനം എന്നിവയും ഈ അർത്ഥത്തിൽ ഉപയോഗിച്ചുകൂടെന്നില്ല. ഇംഗ്ലീഷ് മലയാളം നിഘണ്ടുക്കളിലൊന്നും ഇതുവരെ കേസ് സ്റ്റഡി മുഖം കാണിച്ചിട്ടില്ല.

ഈ പ്രബന്ധത്തിന് അഞ്ച് അദ്ധ്യായങ്ങളുണ്ട്. അദ്ധ്യാത്മരാമായണം മൂലത്തിന്റെയും കിളിപ്പാട്ടിന്റെയും ഒരു സാമാന്യാവലോകനമാണ് ഒന്നാം അദ്ധ്യായം. രാമകഥയുടെ വളർച്ച, രാമകഥയുടെ വികാസപരിണാമം, ഭക്തിപ്രസ്ഥാനം, രാമഭക്തി, അദ്ധ്യാത്മരാമായണത്തിന്റെ കാലം, കവി, അവതരണരീതി, വാല്മീകിരാമായണവുമായുള്ള സാജാത്യവൈജാത്യങ്ങൾ, അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ ഘടനയും സവിശേഷതകളും മുതലായ വിഷയങ്ങൾ ചർച്ചചെയ്തിരിക്കുന്നു. രണ്ടാം അദ്ധ്യായം വിവർത്തനത്തിന്റെ താത്വികചർച്ചയാണ്. വിവർത്തന നിർവ്വചനം, വിവർത്തനത്തിന്റെ ചരിത്രം, വിവർത്തനത്തിന്റെ പ്രയോജനം, വിവർത്തനത്തിന്റെ പ്രശ്നങ്ങൾ, വിവർത്തകന്റെ യോഗ്യതകൾ, വിവർത്തനപ്രകാരങ്ങൾ മുതലായ വിഷയങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. മൂന്നാം അദ്ധ്യായത്തിന് രണ്ടു ഭാഗമുണ്ട്. രണ്ടാം അദ്ധ്യായത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ എഴുത്തച്ഛന്റെ പരിഭാഷയുടെ സ്വഭാവാപഗ്രഥനമാണ് പ്രഥമഭാഗം. സുന്ദരകാണ്ഡം വരെ അദ്ധ്യാത്മരാമായണത്തെ അനുഗമിച്ച എഴുത്തച്ഛൻ യുദ്ധകാണ്ഡം യുദ്ധാരംഭം മുതൽ രാവണവധം വരെയുള്ള ഭാഗങ്ങളിൽ വാല്മീകിയെയാണ് പിൻതുടരുന്നത്. രാമചരിതം കണ്ണശ്ശ രാമായണം എന്നീ കൃതികളുടെ സ്വാധീനവും കാണാം. കിളിപ്പാട്ടിലെ യുദ്ധകാണ്ഡത്തിന് ഈ പൂർവ്വകൃതികളോടുള്ള കടപ്പാട് പരിശോധിക്കുകയും അദ്ധ്യാത്മരാമായണത്തോട് സാദൃശ്യമുള്ളഭാഗങ്ങളിൽ ആ സന്ദർഭങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തുകൊണ്ടുള്ള പ്രത്യേകപഠനമാണ് ദ്വിതീയഭാഗം. അദ്ധ്യാത്മരാമായണത്തിന്റെ മറ്റു മലയാളപരിഭാഷകളുമായി താരതമ്യം ചെയ്ത് കിളിപ്പാട്ടിന്റെ അപൂർവ്വത നിർദ്ധാരണം ചെയ്യുന്നതാണ് നാലാം അദ്ധ്യായം. കൊട്ടാരത്തിൽ ശങ്കുണ്ണി, എ. കെ. കുഞ്ഞൻരാജാ, കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ എന്നിവരുടെ പരിഭാഷകളുമായി കിളിപ്പാട്ടിനെ താരതമ്യം ചെയ്തിരിക്കുന്നു അഞ്ചാം അദ്ധ്യായത്തിൽ കിളിപ്പാട്ടിനെ ഒരു സർഗ്ഗാത്മക പരിഭാഷ (Creative translation) എന്ന നിലയിൽ വിലയിരുത്തുന്നു എഴുത്തച്ഛൻ ഒരു വെറും വിവർത്തകനല്ല. അദ്ദേഹത്തിന്റെ വിവർത്തനതന്ത്രം അനന്യസാധാരണമാണ്. മൗലികപ്രതിഭയുടെ

സ്വാച്ഛന്ദ്യപ്രവാഹത്തിന് ഒരു മാർഗ്ഗമാണ് അദ്ദേഹത്തിന് വിവർത്തനം. സർഗ്ഗധനനായ ഒരു മഹാകവിയാണ് എഴുത്തച്ഛൻ എന്ന നിഗമനത്തിൽ ഈ പഠനം എത്തിച്ചേരുന്നു. മലയാളത്തിന്റെ പിതാവ് എന്ന പദവിയിൽ എഴുത്തച്ഛൻ എന്തുകൊണ്ട് ആദരിക്കപ്പെടുന്നു എന്ന അന്വേഷണവും ഇവിടെ നിർവഹിച്ചിട്ടുണ്ട്.

അദ്ധ്യാത്മ രാമായണത്തെ ആസ്പദമാക്കിയുള്ള ഈ പഠനത്തിന് എടുത്തുപറയേണ്ട ചില സവിശേഷതകളുണ്ട്.

1) മലയാളത്തിലെ ഏററവും വലിയ കവിയുടെ ഏററവും പ്രമുഖമായ ഒരു കൃതിയുടെ നിഷ്കൃഷ്ടപഠനം.

2) വിവർത്തനം സ്വതന്ത്രരചനപോലെ മൗലികമായ ഒരു സർഗ്ഗക്രിയയല്ല. ഒരു പരകീയ കൃതി സ്വതന്ത്രകൃതിക്കു പകരംവയ്ക്കാവുന്നതുമല്ല. വിവർത്തകൻ എത്ര പ്രതിഭാശാലിയാണെങ്കിലും സാധാരണഗതിയിൽ ഒരു ഭാഷയിലെ ഏററവും സർഗ്ഗധനനായ ആചാര്യ കവിയായി അംഗീകരിക്കപ്പെടാറുമില്ല. ഈ ഉത്സർഗ്ഗത്തിന് എഴുത്തച്ഛൻ എങ്ങനെ അപവാദമായി എന്നതിന്റെ അന്വേഷണം.

3) വിവർത്തനകലയുടെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങ‍ാം ഒരു പ്രശസ്തകൃതി ഉപാദാനമാക്കി നിർവ്വഹിക്കുന്ന അപഗ്രഥനം.

4) എഴുത്തച്ഛൻ കവിതയുടെ ജനപ്രീതി കാരണങ്ങളും എഴുത്തച്ഛന്റെ സർഗ്ഗവൈഭവത്തിന്റെ അടിവേരുകളും കണ്ടെത്താനുള്ള അന്വേഷണം ☐

## കേരളവർമ്മയിൽ വിജയം

തൃശൂർ കേരളവർമ്മ കോളേജ് കൗൺസിലിലേയ്ക്കു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എകെപിസിടിഎയുടെ രണ്ടു സ്ഥാനാർത്ഥികളും വിജയിച്ചു. പ്രൊഫസർ എം. ബാലചന്ദ്രൻ, പ്രൊഫസർ എം. രവീന്ദ്രനാഥൻ എന്നിവരാണ് വിജയിച്ചത്.



## അബ്ദുൾ മജീദ് അന്തരിച്ചു

കായംകുളം എം. എസ്. എം. കോളേജ് മലയാളവിഭാഗം അധ്യാപകനും എകെപിസിടിഎ–യുടെ സജീവ പ്രവർത്തകനുമായിരുന്ന എം. അബ്ദുൽ മജീദ് ഹൃദയാഘാതത്തെ തുടർന്ന് ഡിസംബർ 6–ാംതീയതി അന്തരിച്ചു. സംഘടനയുടെ ബ്രാഞ്ചു പ്രസിഡന്റായും ശ്രീ. അബ്ദുൽ മജീദ് പ്രവർത്തിച്ചിട്ടുണ്ട്.

നാഷണൽ സർവ്വീസ് സ്കീമിന്റെ സീനിയർ പ്രോഗ്രാം ഓഫീസർ ആയിരുന്നു.

ശ്രീ. അബ്ദുൽ മജീദിന്റെ അകാലനിര്യാണത്തിൽ എകെപിസിടിഎ പ്രസിഡന്റും, ജനറൽ സെക്രട്ടറിയും ദുഃഖം രേഖപ്പെടുത്തി.

# മലബാർ സർവകലാശാല ഓർഡിനൻസ് : ജനാധിപത്യത്തോടുള്ള വെല്ലുവിളി

ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിൽ, ആ വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയും അതിന്റെ ആക്കം വർധിപ്പിക്കുകയുമാണ് ഭരണാധികാരികൾ ചെയ്യേണ്ടത്. മലബാർ സർവകലാശാല ഓർഡിനൻസ് 1995 നവംബർ 10-ാം തീയതി കേരളസർക്കാർ പ്രസിദ്ധീകരിച്ചു. പുതിയ സർവകലാശാലാ ഓർഡിനൻസ് എത്രമാത്രം ജനാധിപത്യ വിരുദ്ധമാണെന്ന് പരിശോധിക്കുകയാണിവിടെ. ജനാധിപത്യ രീതി ഒരു അസൗകര്യമായിട്ടാണ് ഈ ഓർഡിനൻസിന്റെ പ്രണേതാക്കൾ കണ്ടിരിക്കുന്നത്. ഫാസിസ്ററു ചിന്താഗതി കൊണ്ടുനടക്കുന്നവർക്കേ ഇങ്ങനെയൊരു ഓർഡിനൻസ് നിർദ്ദേശിക്കാൻ കഴിയൂ. കേരളത്തിലെ മൂന്നു സർവകലാശാലകളെ ഒരു ഏകീകൃതനിയമത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുദ്ദേശിച്ചുള്ള ''കേരള യൂണിവേഴ്സിററീസ് ബിൽ 1993'' രണ്ട് വർഷം മുൻപ് നിയമസഭയിൽ അവതരിപ്പിച്ചുവെങ്കിലും പൊതുജനാഭിപ്രായത്തെ ഭയന്ന് ഉപേക്ഷിക്കാൻ നിർബന്ധിതമായ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരുന്ന ജനാധിപത്യ വിരുദ്ധങ്ങളായ പല വകുപ്പുകളും പുതിയ ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സർവകലാശാല അധികാരികൾ

ചാൻസിലർ, പ്രോചാൻസിലർ, വൈസ് ചാൻസിലർ, പ്രോവൈസ് ചാൻസിലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ, ഫാക്കൽററി ഡീൻമാർ എന്നിവരാണ് പ്രധാനപ്പെട്ട അധികാരികൾ. രജിസ്ട്രാർ ഫിനാൻസ് ഓഫീസർ, കൺട്രോളർ എന്നിവരെ നിയമിക്കുന്നത് സിൻഡിക്കേററാണ്. ചാൻസിലർ ഗവർണറും, പ്രോചാൻസിലർ വിദ്യാഭ്യാസമന്ത്രിയും ആയിരിക്കും. വൈസ്ചാൻസിലറേയും പ്രോവൈസ്ചാൻസിലറേയും ചാൻസിലർ നിയമിക്കും.

## വിവിധ സമിതികൾ

സെനററ്, സിൻഡിക്കേററ്, അക്കാദമിക് കൗൺസിൽ, ഫാക്കൽററികൾ, ബോർഡ് ഓഫ് സ്ററഡീസ്, വിദ്യാർത്ഥി കൗൺസിൽ, ഫിനാൻസ് കമ്മിററി, പ്ലാനിംഗ് ബോർഡ് എന്നിവയാണ് പ്രധാനപ്പെട്ട സർവകലാശാല സമിതികൾ. ഈ സമിതികളിൽ സെനററിലേക്കു മാത്രമാണ് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുള്ളത്. സിൻഡിക്കേററിൽ നാമമാത്രമായി തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഒഴിച്ച് ബാക്കിയുള്ള സമിതികളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നവരെ കൊണ്ട് രൂപീകരിക്കാനാണ് നിയമം.

## സെനററ്

നിർദ്ദിഷ്ട നിയമത്തിൽ സെനററ് വെറും ഒരു ഉപദേശക സമിതി മാത്രമാണ്. അൻപത്തിനാല് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ കൂടാതെ പന്ത്രണ്ട് ഉദ്യോഗസ്ഥാംഗങ്ങളും, ഇരുപത്തെട്ട് നോമിനേററഡ് അംഗങ്ങളും യൂണിവേഴ്സിററി യൂണിയൻ ചെയർമാനും ഉൾപ്പെടെ തൊണ്ണൂററി അഞ്ച് അംഗങ്ങളാണ് സെനററിൽ ഉള്ളത്. നോമിനേററു ചെയ്യാനുള്ള അധികാരം ചാൻസിലറിൽ നിക്ഷിപ്തമായിരിക്കുന്നു.

തിരഞ്ഞെടുക്കപ്പെടുന്നവർ താഴെ പറയും വിധത്തിലാണ്,

പ്രിൻസിപ്പൽമാർ-7 (സർക്കാർ കോളേജുകളിൽ നിന്നു രണ്ട്) രജിസ്ട്രേഡ് ബിരുദധാരികൾ 11 നിയമസഭാ സാമാജികർ-6 യൂണിവേഴ്സിറ്റി അദ്ധ്യാപകർ-3 സ്വകാര്യകോളേജ് അദ്ധ്യാപകർ-4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ-3 സർവകലാശാലയിലെ അനദ്ധ്യാപകൻ-1 കോളേജുകളിലെ അനദ്ധ്യാപകർ-2 സർക്കാർ കോളേജുകളിലെ അനദ്ധ്യാപകൻ-1 സ്വകാര്യകോളേജ് മാനേജർമാർ-3 വിദ്യാർത്ഥി പ്രതിനിധികൾ-11. സെനറ്റിന്റെ കാലാവധി നാലു വർഷമാണ്.

## സിൻഡിക്കേറ്റ്

ആകെയുള്ള 18 സിൻഡിക്കേറ്റംഗങ്ങളിൽ 6 പേർ മാത്രമേ തിരഞ്ഞെടുക്കപ്പെടുന്നവരായ്



## ജഗന്നാഥന് അനുമോദനം

മദ്രാസിൽ നടന്ന സാഫ് ഗെയിംസിൽ വോളിബാൾ ഇനങ്ങളിലെ അന്താരാഷ്ട്ര റഫറിയായി കണ്ണൂർ എസ്. എൻ. കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം മേധാവി ശ്രീ. പി. കെ. ജഗന്നാഥൻ നിയോഗിക്കപ്പെട്ടു.

എകെപിസിടിഎ ബ്രാഞ്ച് എക്സിക്യൂട്ടീവ് അംഗമാണ് ഇദ്ദേഹം.

ശ്രീ. ജഗന്നാഥന് എകെപിസിടിഎയുടെ അനുമോദനങ്ങൾ.



## ലൈലയ്ക്ക് ഡോക്ടറേറ്റ്

ചെമ്പഴന്തി എസ്. എൻ. കോളേജ് അധ്യാപിക ശ്രീമതി പി. ലൈലയ്ക്ക് കേരളസർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റു ലഭിച്ചു. 'ബാലാമണിയമ്മയുടെ കവിത — ഒരു പഠനം' എന്നതായിരുന്നു ഗവേഷണ വിഷയം. ഡോ. വി. എസ്. ശർമ്മയുടെ മേൽനോട്ടത്തിലാണ് ഗവേഷണം നടന്നത്.

ശ്രീമതി ലൈലയ്ക്ക് എകെപിസിടിഎയുടെ അഭിനന്ദനങ്ങൾ.

ളളൂ. ബാക്കി അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും (7) എക്സ് ഒഫിഷ്യോ അംഗങ്ങളും (5) ആയിരിക്കും നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ചാൻസിലർക്കും ഗവൺമെന്റിനും ആണ്.

കേരള-കോഴിക്കോട് സർവകലാശാലാ നിയമങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായി ഇവിടെ സിൻഡിക്കേറ്റംഗങ്ങളെ തിരഞ്ഞെടുക്കുന്നത് സെനറ്റംഗങ്ങളല്ല. ഓരോ മേഖലയിലുംപെട്ടവർ അവരുടെ പ്രതിനിധിയെ നേരിട്ടാണ് സിൻഡിക്കേറ്റിലേക്ക് തെരഞ്ഞെടുക്കുന്നത്. നിയമസഭയിൽ ഏത് മുന്നണിക്കാണോ ഭൂരിപക്ഷം അവരുടെ പ്രതിനിധി ആയിരിക്കും സിൻഡിക്കേറ്റിൽ എത്തുക. കേരളം, കോഴിക്കോട് സർവ്വകലാശാല നിയമങ്ങളിലെ സെനറ്റിനുള്ള അധികാരങ്ങളെല്ലാം ഇവിടെ സിൻഡിക്കേറ്റിനാണ്.

വി. സി. ,പി. വി സി. ഉന്നത വകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവരാണ് എക്സ് ഓഫീഷ്യോ അംഗങ്ങൾ. നാമനിർദ്ദേശം ചെയ്യപ്പെടുന്നവരിൽ ഒരു ഡീനും, നാല് പൊതുപ്രവർത്തകരും (ഒരു വനിതയും, ഒരു പട്ടികജാതി-പട്ടികവർഗ്ഗക്കാരനുമടക്കം) ഉണ്ട്. രജിസ്റ്റേഡ് ബിരുദധാരിയായി സെനറ്റിൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തേയും കോളേജ് യൂണിയൻ ചെയർ പേഴ്സണിൽ നിന്നും ഒരംഗത്തെയും സർക്കാർ നാമനിർദ്ദേശം ചെയ്യും. സിൻഡിക്കേറ്റിന്റെ കാലാവധി നാലു കൊല്ലമാണ്.

## അക്കാദമിക് കൗൺസിൽ

നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളും ഉദ്യോഗസ്ഥന്മാരും മാത്രമാണ് ഈ സമിതിയിലുള്ളത്. ഗവൺമെന്റും വി. സി. യും കൂടിയാണ് മുഴുവൻ അംഗങ്ങളെയും നാമനിർദ്ദേശം ചെയ്യുന്നത്. കേരള-കോഴിക്കോട് സർവകലാശാലകളിൽ ഈ സമിതിയിലേക്ക് അതാതു വിഷയങ്ങളിലുള്ള അദ്ധ്യാപകർ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

പുതിയ ഓർഡിനൻസിന്റെ ലക്ഷ്യം അധികാരകേന്ദ്രീകരണമാണ്. ഭരണകൂടത്തിന്റെ അധികാരത്തിലേക്ക് സ്വയംഭരണ സംവിധാനത്തെ ലയിപ്പിക്കുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. സർവകലാശാലാ സമിതികളുടെ ജനാധിപത്യ സ്വഭാവം തകർക്കുകയും ബ്യൂറോക്രസിയുടെ അതിപ്രസരം വഴി അധികാരത്തെ ഭരണകൂടത്തിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്യാനുള്ള സംരംഭമാണ് പുതിയ നിയമത്തിന് പിന്നിലുള്ളത്. □



## അജിതയ്ക്ക് ഡോക്ടറേറ്റ്


നാട്ടിക ശ്രീനാരായണ കോളേജ് ഹിന്ദി അധ്യാപിക ശ്രീമതി കെ. അജിതയ്ക്ക് ഡോക്ടറേറ്റ് ലഭിച്ചു. കൊച്ചിൻയൂണിവേഴ്സിറ്റിയാണ് ഡോക്ടറേറ്റ് നല്കിയത്. യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. പി.എ. ഷെമീം അലിയാരുടെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.

ശ്രീമതി അജിതയ്ക്ക് എകെപിസിടിഎയുടെ അഭിനന്ദനങ്ങൾ.

# അധ്യാപകരുടെ പ്രൊമോഷൻ തടഞ്ഞുവയ്ക്കുന്നു

നൂറുകണക്കിന് അദ്ധ്യാപകരുടെ അർഹമായ പ്രൊമോഷനുകളിൽ തീർപ്പു കൽപിക്കാതെ അപേക്ഷകൾ ദീർഘനാളായി കോളേജിയററ് എഡ്യൂക്കേഷൻ ഡയറക്ടറുടെ ഓഫീസിൽ കെട്ടിക്കിടപ്പാണ് ഒന്നരയും രണ്ടും വർഷങ്ങളായി സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്, റീഡർ തുടങ്ങിയ തലങ്ങളിലേക്കു സ്ഥാനക്കയററം കിട്ടേണ്ട അദ്ധ്യാപകർക്കാണ് ഈ ഗതികേടു ഉണ്ടായിരിക്കുന്നത്. പ്രൊമോഷനുകൾക്കായുള്ള സ്ക്രീനിംഗ് കമ്മിററി കൃത്യമായി നടക്കാതിരിക്കുകയും നടന്നകമ്മിററിയുടെ തന്നെ തീരുമാനങ്ങൾ കൃത്യമായും പ്രാവർത്തികമാകാതിരിക്കുകയും ചെയ്യുന്നുവെന്നതാണ് കാലതാമസത്തിന് ഒരു കാരണം. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, കോളേജിയററ് എഡ്യൂക്കേഷൻ ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായുള്ള സ്ക്രീനിംഗ് കമ്മിററിയാണ് അദ്ധ്യാപകരുടെ പ്രൊമോഷനു വേണ്ടിയുള്ള അപേക്ഷകളിൽ തീർപ്പുകൽപിക്കേണ്ടത് കമ്മിററി മാസത്തിൽ രണ്ടു തവണയെങ്കിലും കൂടണമെന്നും അടിയന്തിര സ്വഭാവത്തോടെ അപേക്ഷകർക്ക് തീർപ്പു കൽപിക്കണമെന്നും സംഘടനാ തലത്തിൽ നാം പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. തത്വത്തിൽ ഈ നിർദേശങ്ങളോട് യോജിക്കുകയും എന്നാൽ നടപ്പിലാക്കാൻ കൂട്ടാതിരിക്കുകയും ചെയ്യുന്ന നയമാണ് കോളേജിയററ് എഡ്യൂക്കേഷൻ ഡയറക്ടർ തുടർന്നു വരുന്നത്. ഡയറക്ടറേററിലെ മററു ഉന്നത ഉദ്യോഗസ്ഥൻമാരാകട്ടെ UGC സ്കീമിലെ വ്യവസ്ഥകൾ ദുർവ്യാഖ്യാനം ചെയ്ത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുകയുമാണ്.

M.Phil / Ph D ഡിഗ്രികളുള്ള അദ്ധ്യാപകർക്ക് Senior Grade/Selection Grade തസ്തികകൾ ലഭിക്കുന്നതിന് relaxation അനുവദിച്ചു കൊണ്ട് UGC വ്യവസ്ഥ ചെയ്യുന്നുണ്ട്. M.Phil ഉള്ളവർക്ക് 7-ാം വർഷവും Ph.D ഉള്ളവർക്ക് 5-ാം വർഷവും Senior Grade നൽകേണ്ടതാണ്. കേരള സർക്കാർ 1990 മാർച്ചിൽ പുറത്തിറക്കിയ Pay Revision സംബന്ധിച്ച ടെക്സ്ററിലെ ഇതു സംബന്ധിച്ച വ്യവസ്ഥകൾ 5.01, 4.04, 5.06, 5.03



## മധുകുമാറിന് ഒന്നാം റാങ്ക്

ചങ്ങനാശേരി ഹിന്ദുകോളേജ് സുവോളജി അദ്ധ്യാപകൻ ശ്രീ. ജി. മധുകുമാർ, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 'School of Indian Legal Thought' — ൽ നിന്നും എൽ.എൽ.ബി. പരീക്ഷ ഒന്നാംറാങ്കോടെ പാസായി.

ശ്രീ. മധുകുമാറിന് എകെപിസിടിഎയുടെ അഭിനന്ദനങ്ങൾ.

5.05, 5.07 ഖണ്ഡികകൾ വ്യക്തമാക്കുന്നുണ്ട്.

ഖണ്ഡിക 5.00 പ്രകാരം സീനിയർ ഗ്രേഡ് തസ്തികയിൽ 5 വർഷം Service തികഞ്ഞ Ph.D. ഡിഗ്രിയുള്ളവർക്കും 7 വർഷം പൂർത്തിയാക്കിയ M.Phil. ഡിഗ്രിയുള്ളവർക്കും Reader തസ്തിക നൽകുന്നതിനും വ്യവസ്ഥയുണ്ട്.

എന്നാൽ മേൽപ്പറഞ്ഞ ഖണ്ഡികകളിലെ വാചകങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് ഇതുവരെ നിരവധി അദ്ധ്യാപകർക്ക് അർഹമായ Senior Grade, റീഡർ പ്രൊമോഷനുകൾ തടഞ്ഞുവച്ചിരിക്കയാണ്. അദ്ധ്യാപകരുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കുന്ന ഈ നയം തിരുത്തിയില്ലെങ്കിൽ പ്രത്യക്ഷസമരപരിപാടികൾക്ക് രൂപം കൊടുക്കേണ്ടിവരും എന്ന് മുന്നറിയിപ്പ് നൽകുന്നു.

## പ്രൊഫ. എൻ. ശിവരാജന് യാത്രയയപ്പ്

നാട്ടിക ശ്രീനാരായണ കോളേജ് സുവോളജി വിഭാഗം തലവനും എ.കെ.പി.സി.ടി.എ. നേതാവുമായ പ്രൊഫ. N. ശിവരാജന് നാട്ടിക കോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ച് സ്നേഹനിർഭരമായ യാത്രയയപ്പു നൽകി.



സുദീർഘമായ സർവ്വീസിനിടയിൽ പ്രൊഫസർ ശിവരാജൻ പുനലൂർ, ചേർത്തല, കണ്ണൂർ, ആലത്തൂർ, നാട്ടിക കോളേജുകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എസ്. എൻ. കോളേജ് ടീച്ചേഴ്സ് കോർഡിനേഷൻ കമ്മിററി സെക്രട്ടറി, എ.കെ.പി.സി.ടി.എ. പാലക്കാട് ജില്ലാപ്രസിഡൻറ്, കാലിക്കട്ട് യൂണിവേഴ്സിററി സെനററ്, ബോർഡ് ഓഫ് സ്ററഡീസ് അംഗം എന്നീ നിലകളിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തി.

സേവനവേതന ഭദ്രതയ്ക്കുവേണ്ടി എകെപിസിടിഎ നടത്തിയ പോരാട്ടങ്ങളിൽ സജീവമായി പങ്കെടുത്തിട്ടുള്ള ശ്രീ. ശിവരാജൻെറ റിട്ടയർമെൻറ് എ.കെ.പി.സി.ടി.എ ക്ക് വലിയ നഷ്ടമാണെന്ന് യോഗത്തിൽ അദ്ധ്യക്ഷതവഹിച്ച തൃശൂർ ജില്ലാ പ്രസിഡൻറ് പ്രൊഫ. പി. എസ്. നാരായണൻ പറഞ്ഞു.

തൃശൂർ ജില്ലാ സെക്രട്ടറി പ്രൊഫ. എ. എം. കൃഷ്ണൻ, പ്രൊഫ. എം. എം. വാസുദേവൻ നമ്പൂതിരിപ്പാട്, പ്രൊഫ. ജി. ജലജ, പ്രൊഫ. വി. വി. ലില്ലി എന്നിവർ ആശംസകൾ നേർന്നു.

ബ്രാഞ്ച് സെക്രട്ടറി ശ്രീ. പി. എസ്. ഫിറോസ് സ്വാഗതവും ശ്രീ. കെ. എസ്. പവിത്രൻ നന്ദിയും പറഞ്ഞു.

# CALCULATION OF INCOME TAX ON SALARY

P. HARIDASAN, S. N. COLLEGE, KOLLAM

Previous Year 1995-96
Assessment Year 1996-97
Points to be remembered.

## I. Deduction U/S 16.

(i) Standard deduction - 33 1/3 % of salary or Rs. 15000 which ever is less. In the case of women whose salary before standard deduction does not exceed Rs.75000, the deduction shall be 33 1/3% of salary or Rs. 18000 which ever is less.

(ii) Profession Tax - Full amount paid

## II. Deduction U/S 80 DD and 80 U

(i) Payment of medical treatment of handicapped dependents (Upto a maximum of Rs. 15000)

(ii) Income of an individual suffering from blindness or is physically or mentally handicapped subject to a maximum of Rs.40000 for the AY 1996-97.

## III. Deduction U/S 24 (i) (vi) Interest on House Building Loan

Any interest on money borrowed for acquiring, constructing, repairing, renewing, reconstructing a house property is deductible subject to a maximum Rs. 10000. It is not necessary, for this purpose that the loan so borrowed or the interest payable thereon is secured by a charge on property. It should be remembered that in order to enjoy this deduction a certificate In form No. 15 AA should have been obtained from the I T O (See 197 (i) )

## Rebate and Relief

### a) Rebate U/S 88

A rebate at the rate of 20% on total savings (subject to a maximum of Rs. 12000) shall be allowed from gross tax payable.

### (b) Relief U/S 89 (i)

Where an employee receives salary in arrears or in advance he shall be entitled to the relief U/S 89 (i). He shall furnish to the employer the relevant particulars in form No. 10 E. The employer shall compute the relief on the basis of such particulars and take it into account in making deduction of tax at source from the employees salary. This relief shall be allowed as a deduction from the amount of tax payable (Sec. 190 (2A ).

## Issuance of T.D.S. Certificate to the employees

Every person responsible to deduct tax from salary shall issue a certificate in Form No. 16 to the employee. Such certificate should be given to the employee within one month from the close of the financial year in which such deduction is made.

## Consequences of failure to issue TDS Certificate

If a person responsible for issuing a TDS Certificate fails to issue such certificate he shall be liable to pay, by way of penalty a sum, which shall not be less than Rs. 100 per day and which may extent to Rs. 200 per day during which the failure continues.

Rates of Tax for the A Y 1996-97

| Amount of Taxable income | Rates of Tax |
|---|---|
| Upto Rs. 40000 | Nil |
| Rs. 40001 to Rs. 60000 | 20% |
| Rs. 60001 to Rs. 120000 | 30% |
| Above Rs. 120000 | 40% |

No Surcharge

### Illustration I

(A woman whose annual income from Salary does not exceed Rs. 75000)

| | | Rs. |
|---|---|---|
| 1 | Gross Salary including all allowances | 75000 |
| 2 | Contributior to P F | 3750 |
| 3 | Payment towards FBS and GIS (120 + 480) | 600 |
| 4 | Subscription to NSC VIII Issue | 5000 |
| 5 | Subscription to an approved mutual fund | 5000 |
| 6 | Payment towards life insurance premium | 1200 |

She is living in a house owned by her parents for which she does not pay any rent.

### Computation of Total income and tax payable thereon

| | | Rs. | |
|---|---|---|---|
| 1 | Gross Salary income | 75000 | |
| 2 | *Less* deduction U/S 10 (13 A) HRA (She does not incur any expenditure towards rent) | NIL | |
| | Balance | 75000 | |
| 3 | *Less* Standard deduction | 18000 | |
| 4 | Taxable income | | 57000 |
| 5 | Tax on total income | | 3400 |
| 6 | Qualifying amount for rebate | | |
| | Provident Fund | 3750 | |
| | F B S and GIS | 600 | |
| | NSC VIII Issue | 5000 | |
| | Mutual fund | 5000 | |
| | L I P | 1200 | |
| | | 15550 | |
| 7 | Rebate @ 20% on savings | | 3110 |
| 8 | Tax payable (6—7) | | 290 |

### Illustration II

(The person is residing in a rented house and he has a physically handicapped daughter)

| | | Rs. |
|---|---|---|
| 1 | Basic Pay | 60000 |
| 2 | Dearness Allowance | 56400 |
| 3 | House Rent Allowance | 6000 |
| 4 | City Compensatory allowance | 900 |
| 5 | Interim Relief | 1200 |
| 6 | Contribution towards P F | 18000 |
| 7 | F B S and G I S (120 + 480) | 600 |
| 8 | Profession Tax paid | 200 |
| 9 | Postal life insurance premium paid | 3600 |
| 10 | National Savings Certificate (NSC VIII) | 15000 |
| 11 | National Savings Scheme (NSS) | 12000 |
| 12 | Expenditure incurred for the treatment Support and maintenance of handicapped dependent daughter | 17500 |
| 13 | Rent paid | 18000 |

### Computation of total income and Tax payable thereon

| | | Rs. |
|---|---|---|
| 1 | Gross Salary income (Pay+DA+HRA+CCA+IR) | 124500 |
| 2 | *Less* deduction U/S 10 (13 A)-HRA (Please See Note) | 6000 |

## STATEMENT OF EXPECTED INCOME AND TAX FOR THE PY 1995–96 AND AY 1996–97 OF SRI/SMT. X

| | |
|---|---|
| Gr : Salary | 108000 |
| Less Dedn (Sch. I) | 25150 |
| Taxable Salary Income | 82850 |
| Tax | 10855 |
| Less Rebate (Sch II) | 7176 |
| Tax Payable | 3679 |
| Less Tax already Paid | 3000 |
| Balance Tax Payable | 679 |

Please Deduct Tax

@ Rs. 340/- PM

from my salary for the month of Jan. 96 and Feb. 96.

Signature

### SCHEDULE I

| | Rs. |
|---|---|
| HRA U/S 10 (13 A) | NIL |
| Std: Dedn U/S 16 (i) | 15000 |
| Prof : Tax U/S 16 (iii) | 150 |
| HB: (Int) U/S 197 (i) | 10000 |
| Total Dedn : | 25150 |

### SCHEDULE II

| | |
|---|---|
| PF | 18000 |
| LIC / PLI | 2400 |
| FBS / GIS | 480 |
| N S C | 2000 |
| Mutual Fund / NSS Etc. | 3000 |
| HBL (Principal) | 10000 |
| Any other | Nil |
| Total Savings | 35880 |
| Tax Rebate | 7176 |

---

| | | |
|---|---|---|
| | Balance | 118500 |
| 3 | *Less* Std: deduction and Profession Tax | 15200 |
| 4 | Taxable salary income | 103300 |
| 5 | *Less* expenditure on treatment of physically handicapped daughter — Maximum allowed U/S 80 DD Rs. 15000 | 15000 |
| 6 | Taxable income | 88300 |
| 7 | Tax on total income | 12490 |
| 8 | Qualifying amount for Rebat | |
| | PF | 18000 |
| | FBS & GIS | 600 |
| | PLI | 3600 |



## സുരേഷ് ജ്ഞാനേശ്വരന് ഡോക്ടറേറ്റ്

'ജയപ്രകാശ് നാരായണനും കയ്യൂറ്റ് ഇന്ത്യാ പ്രസ്ഥാനവും' എന്ന വിഷയത്തിലുള്ള ഗവേഷണത്തിന് ശ്രീ. സുരേഷ് ജ്ഞാനേശ്വരന് കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. നൂതനവും മൗലികവുമായ ഈ ഗവേഷണ പഠനം പ്രസിദ്ധീകരണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

ചെമ്പഴന്തി എസ്. എൻ. കോളേജ് അധ്യാപകനാണ് ഇദ്ദേഹം. കേരള സർവ്വകലാശാല ചരിത്ര വിഭാഗം മേധാവി ഡോ. കെ. കെ. കുസുമന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

ശ്രീ. സുരേഷ് ജ്ഞാനേശ്വരന് എ. കെ. പി. സി. ടി. എ. യുടെ അഭിനന്ദനങ്ങൾ.

| | | | |
|---|---|---|---|
| | NSC (VIII Issue) | 15000 | |
| | NSS (Maximum allowed Rs. 10000) | 10000 | |
| | | 47200 | |
| 9 | Robate @ 20% on Rs. 47200 | | 9440 |
| 10 | Balance tax payable | | 5050 |

Note : Exemption on HRA U/S 10(13A) is calculated as follows.

Least of the following three amount is allowed as exemption.

| | | | |
|---|---|---|---|
| (i) | Actual HRA Received | Rs. | 6000 |
| (ii) | Excess of rent paid over 10% of salary. Here salary means basic salary only. ie 18000—6000 | Rs. | 12000 |
| (iii) | 40% of salary | Rs. | 24000 |

Here Rs. 6000 is the least, which is exempted.

### Illustration III

(In the case of an employee repaying House Building loan)

| | | | |
|---|---|---|---|
| 1 | Gross Salary including all allowances and bonus/Festival allowances | | 108000 |
| 2 | Contribution to PF | | 18000 |
| 3 | Group Insurance Scheme | | 430 |
| 4 | Profession Tax paid | | 150 |
| 5 | Life Insurance Premium | | 2400 |
| 6 | NSC VIII issue | | 2000 |
| 7 | Approved Mutual Fund of UTI | | 3000 |
| 8 | Repayment of House Building Loan | | |
| | Principal amount | 11000 | |
| | Interest on loan | 10500 | 21500 |

He is living in his own house. He has already paid an *amount* of Rs 3000 towards Income Tax. *Computation of total income and tax thereon*. (I am introducing a simplified proforma for the computation of tax. Teachers are advised to make use of the form, a specimen of which is given in the Journal.

—>

## STATEMENT OF EXPECTED INCOME AND TAX FOR TH m PY 1995–96 AND AY 1996–97 OF Sri/Smt..................................

Gr : Salary

Less Dedn (Sch. I)

Taxable Salary Income

Tax

Less Rebate (Sch II)

Tax Payable

Less Tax Already Paid

Balance Tax Payable

Please Deduct Tax

@ Rs.......................PM

from my salary.

Signature.

Schedule I

Rs.

HRA U/S 10 (13 A)

Std: Dedn : U/S 16 (i)

Prof : Tax U/s 16 (iii)

HBL (INT) U/S 197

Total Dedn :

SCHEDULE II

PF

LIC / PLI

FBS / GIS

N S C

Mutual Fund / NSS etc.

HBL (Principal)

Any other ..........................................

Total-Savings

Tax Rebate

## നിലമേൽ: ഹരിശ്ചന്ദ്രൻ ഫണ്ട് 30000 രൂപ

വാഹന അപകടത്തിൽ അന്തരിച്ച നെന്മാറ കോളേജ് അധ്യാപകൻ ശ്രീ ഹരിശ്ചന്ദ്രന്റെ കുടുംബത്തെ സഹായിക്കാൻ സ്വരൂപിക്കുന്ന ഫണ്ടിലേക്ക് നിലമേൽ എൻ. എസ്. എസ്. കോളേജിൽ നിന്നുള്ള വിഹിതമായി മുപ്പതിനായിരം രൂപ നൽകി.

## ഗവ: ഉത്തരവുകൾ

GOVERNMENT OF KERALA

Abstact

Public Services—Interim Relief—State Government Employees and others—Orders Issued

FINANCE (PRU) DEPARTMENT

G. O. (P) No· 922/95/(62)/Fin.

Dated, Thiruvananthapuram, 30th November, 1995.

Government are pleased to sanction the payment of Interim Relief at the rate of Rs. 100 (Rupees one hundred only) per month w.e.f. 1-12-1995 payable along with the salary due for the month of December 1995 to all State Government Employees. Staff of Aided Schools, Private Colleges and Polytechnics, Full time employees borne on contingency and work-charged establishments, and employees of Local Bodies. The Expendiure on payment of Interim Relief, to the Staff of Local Bodies will be met from the funds of the respective Local bodies.

2. The grant of Interlm Relief will be subject to the following conditions :—

(a) Interim Relief will be treated as monthly ad hoc addition to the total emolument's of the employees and it will be shown as a distinct item in the salary bills. Orders regarding the adjustment of Interim Relief, if any, will be issued separately.

(b) Interim Relief will not be reckoned for the purposes of determinig any allowance amissibie on the basis of 'pay' or 'emoluments'·

(c) Interim Relief at the appropriate rates will be payable in the leave salary admissible for periods of all types of leave with allowances including surrender of earned leave.

(d) Interim Relief sanctioned will be reckoned for the purpose of calculating average emoluments for purpose of pension.

3. Provisional employees are not eligible for the benefit of Interim Relief.

By order of the Governor

ALOK SHEEL,
Special Secretary,
Finance (Expenditure)

GOVERNMENT OF KERALA

Abstract

Allowance—Dearness Allowance—Revision with effect from 1-1-1995 and 1-7-1995—Orders Issued

---

FINANCE (PAY RESEARCH UNIT) DEPARTMENT

G. O (P) No. 888/95/Fin. Dated, Thiruvananthapuram, 28th November, 1995

---

Read :—1. G. O. (P) No. 424/95/Fin. dated 6-7-1995.

2. OMF No. 1 (3)/95-E-II (B) dated 28-3-1995 of the Department of Expenditure, Ministry of Finance, Government of India.

3 OMF No. 1 (22)/95-E II (B) dated 20-9-1995 of the Department of Expenditure, Ministry of Finance, Government of India.

ORDER

Government are pleased to order that the rates of Dearness Allowance to Government Employees, Staff of Aided Schools, Private Colleges and Polytechnics, Full-time employees borne on the contingent and work charged establishments and employees of Local Bodies will be revised with effect from 1-1-1995 and 1-7-1995 as shown below :

| Date from which Payable | Pay Range | Rate of DA per month |
|---|---|---|
| (1) | (2) | (3) |
| 1-1-1995 | Basic pay up to Rs 3500 per mensem | 125% of pay |
| | Basic pay above Rs 3500 and upto Rs. 6000 per mensem | 94% of pay subjct to a minimum of of Rs. 4375 p. m. |
| | Basic pay above Rs. 6000 per mensem | 81% of pay subject to a minimum of Rs 5640 p m |

| (1) | (2) | (3) |
|---|---|---|
| 1-7-1995 | Basic pay up to Rs 3500 per mensem | 136% of pay |
| | Basic pay above Rs. 3500 and upto Rs. 6000 per n.ensem | 102% of pay subject to a minimum of Rs. 4760 p m. |
| | Basic pay abcve Rs. 6000 per mensem | 88% of pay subject to a minlmum of Rs. 6120 p. m. |

2 · The expenditure on this account in respect of Local Bodies will be met from the funds of tho Local Bcdies.

3. The revised rates of D. A. wili be applicable to the part time teachers and part-time contIngent employees also on the basis of pay drawn by them.

4. In the case of Public Sector Undertakings/Statutory Corporations where long term agreement exists by which the pre-revised scale plus D A. is agreed to, the enhancement of D A. will be allowed with the approval of the Board of Directors subject to financial viability till a fresh agreement is executed.

5. In the case of those who remain in the pre 1·7-1988 scales,the pay for the purpose of D. A. will be the pay in the pre-revised scale plus D A. and Ad hoc D A. at 608 points of All India Consumer Price Index as shown in Appendix II of G O. (P) 480/89/Fin. dated 1-11-1989. For computing the amount of D. A, payable on the pay arrived at as above, as on 1-1-1995 and 1-7-1995 the principle laid down In para 5 of G, O.(P)364/92/ Fin. dated 15-4-1992 will be followed,

6 The accounting and drawal of arrears of D. A will be regulated as follows :-

(i) The revised rates of D. A. from 1-1-1995 for those drawing pay up to Rs. 3500 will be paid in cash starting from the salary for the month of December 1995. The arrears for the period from 1-1-1995 to 30-11-1995 will be drawn and credited to the P. F. account of the empolyees along with the salary bill for December 1995, January, February March, April or May 1996 in relaxation of Rule 176 Kerale Treasury Code.

(ii) The revlsed rates of D. A. from 1-7 1995 for those drawing pay up to Rs. 3500 wili be paid in cash starting from the salary for the month of April 1996 The arrears for the period from 1-7-1995 to 31-3-1996 will be drawn and credited to the P. F. account of the employees along with the salary bill for April, May. June, July. August or September 1996 in relaxation of Rule 176 Kerala Treasury Code.

(iii) In the case of those drawing pay above Rs. 3500. the three instalments of D.A. sanctioned with effect from 1-7-1991, 1-1-1992 and 1-7-1992 wlll continue to be credited to the Provident Found Account. The DA amount that can be drawn in cash by them from the salary for December 1995 and for April 1996 will be as follows :

| | |
|---|---|
| (a) 1-1-1995 Pay Rs. 3501 to Rs. 6000 | 94% of pay (subject to a minimum of Rs. 4375 p.m.) minus the amount being credited to provident fund account as indicated above. |
| Pay above Rs. 6000 | 81% of pay (subject to a minimum of Rs. 5640 p.m.) minus the amount being credited to provident fund account as indicated above. |
| (b) 1-7-1995 Pay Rs. 3501 to Rs. 6000 | 102% of pay (subject to a minimum o Rs.4760 p.m. minus the amount being credited to provident fund account as indicated above. |
| Pay above Rs. 6000 | 88% of pay (subject to a minimum of Rs. 6120 p.m., minus the amount being credited to prrvident fund account as indicated above. |

(Vide Annexure)

(c) The arrears due for the period from 1-1-1995 to 30-11-1995 will be claimed in the salary bill for December 1995, January, February, March, April or May 1996 and credited to PF account. The arrears due for the period from 1-7-1995 to 31-3-1996 will be claimed in the salary bill for April, May, June, July, August or September 1996 and credited to provident fund account.

(iv) Where the employee is not eligible to subscribe any provident fund before 30-11-1995 the drawal of arrears of D. A. shall be deferred, and as and when the provident fund account is opened, it may be drawn and deposited to it.

(v) For claiming the salary for the month of June 1996, a certificate should be attached to the salary bill to the effect that "the arrears as per D. A. revision from 1-1-1995 to 30-11-1995 have been claimed and credited to the provident fund account of the employee". Similarly a certificate should be attached to the salary bill for the month of October 1996 that "the arrears as per DA revision from 1-7-1995 to 31-3-19 96 have been claimed and credited to the provident fund account of the employee"

(vi) The enhanced amount of D.A. to be drawn and credited monthly to provident fund account by those drawing pay above Rs. 3500 p.m. may be shown separately in the provident fund cchedule and oertificate to that effect attached to the bill for each month as already ordered in G.O. (P) 211/93/Fin. dated 15-3-1993.

(vii) Interest on the D.A. credited to the provident fund account will accrue from the first month in which the bills are presented in the Treasuries.

(viii) No withdrawal, other than final withdrawal, shall be made before the date specified below, from the arrears of D.A. credited to provident fund account.

| | Date on which the amount will be permitted to be withdrawn |
|---|---|
| Arrears for the period from 1-1-1995 to 30-11-1995 | 1-4-1997 |
| Arrears for the period from 1-7-1995 to 31-3-1996 | 1-10-1997 |

7. The procedure mentioned under clause (viii) above will be applicable "mutatis muttandis" to provident fund other than general provident fund also. In regard to contributory provident fund, however, there will be no matching contribution from the government, in respect of the arrears of D.A.

8. In the bill as well as in the provident fund schedule, the arrears ot D. A. from 1-1-1995 to 30-11-1995 and from 1-7-1995 to 31-3-1996, as the case may be, indicated separately. Accordingly the amount of arrears of D.A. to be credited to provident fund account should be shown as a separate entry in the provident fund schedule as shown below :-

| Subscription proper | | | Refund of advance | | | Arrears of D.A. amoun | |
|---|---|---|---|---|---|---|---|
| Amount | Month to which it relates | No. of instal-ments | Amount | Month to which it relates | (i) From 1-1-1995 to 30-11-1995 | (ii) From 1-7-1995 to 31-3-1996 | Total |
| (6) | (7) | (8) | (9) | (10) | (11) | (12) | (13) (6+9+11/12) |

9. The following categories of employees will be paid arrears of D.A. in cash :-

Those who have retired since 1-1-1995 and those who will be retiring on or before 30-9-1996.

(ii) Those who have opted not to subscribe to the P. F. account during the last one year of their service prior to retirement.

(iii) Those, in whose cases, it is not obligatory to maintain P. F. account.

(iv Part-time teachers and part-time contingent employees.

By order of the Governer,

ALOK SHEEL,

Special Secretary,

Finance (Expenditure)

## ANNEXURE

The amount to be credited to P. F. account being the instalments of D. A. sanctioned with effect from 1-7-1991, 1-1-1992 and 1-7-1992 by those who are drawing pay above Rs. 3500.

| Pay range | Amount to be credited to P. F. account [vide para 6 (iii) of this G. O.] |
|---|---|
| Rs. 3501 to 6000 | 24% of pay subject to a minimum of Rs. 1120, |
| Above Rs. 6000 | 21% of pay subject to a minimum of Rs. 1440. |



**സിലബസ് പരിഷ്കരണം:** എകെപിസിടിഎ ദ്വിദിന ശില്പശാല കോട്ടയത്ത് സി. എം. എസ്. കോളേജിൽ പ്രൊഫ. ആർ. വി. ജി. മേനോൻ ഉദ്ഘാടനം ചെയ്യുന്നു.

R. No. 36025/81 Kerala Private College Teacher Reg. No. KLTV (N) 35

# എകെപിസിടിഎ
# 38-ാം സംസ്ഥാനസമ്മേളനം
# മന്ദിരോദ്ഘാടനം

1996 മാർച്ച് 15, 16, 17

തിരുവനന്തപുരത്ത്

വിവിധസമ്മേളനങ്ങൾ

പ്രകടനം

*മുന്നേറുന്ന അദ്ധ്യാപക ശക്തി*

എകെപിസിടിഎ സിന്ദാബാദ്

edited printed and published by prof. v. narayanankutty at chempaka printers
tvm-4 phone : 442127 chief editor k. sukumaran nair